**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.02.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പാവപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ക്രിയാത്മക ചിന്തയുടെയും ഡിസൈൻ സങ്കേതങ്ങളുടെയും പ്രാധാന്യം അടിവരയിട്ട് രാഷ്ട്രപതി ദ്രൗപദി മുർമ്മു

   **President Draupadi Murmu underlines importance of creative thinking and design techniques in solving problems of poor people**

2. നൈപുണ്യവികസനം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ ശക്തമാക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ

   **Skill development will strengthen Indian economy and create jobs, says Union Minister Piyush Goyal**

3. മുൻ സർക്കാരിന്റെ മദ്യനയവുമായി ബന്ധപ്പെട്ട സി.എ.ജി റിപ്പോർട്ട് ഡൽഹി നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി പരിശോധിക്കും

   **Delhi Assembly's Public Accounts Committee to examine CAG report on former government's liquor policy**

4. സുപ്രധാന കരാറുകളിൽ ഒപ്പുവെക്കാൻ യുക്രെയ്ൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്‌കി നാളെ വൈറ്റ്

ഹൗസ് സന്ദർശിക്കുമെന്ന് യു.എസ്. പ്രസിഡന്റ് ഡോണൾഡ് ട്രംപ്.

Ukrainian President Volodymyr Zelensky will visit White House tomorrow to sign important agreements, says US President Donald Trump.

5. വന്യജീവി ആക്രമണം തടയാൻ കേരളം കർമ്മ പദ്ധതി രൂപീകരിക്കും.

Kerala to formulate action plan to prevent wildlife attacks.

6. ഐസിസി ചാമ്പ്യൻസ് ട്രോഫിയിൽ പാകിസ്ഥാൻ-ബംഗ്ലാദേശ് മത്സരം മഴ മൂലം ഉപേക്ഷിച്ചു. രഞ്ജി ട്രോഫി ഫൈനലിൽ വിദർഭയ്ക്കെതിരെ കേരളം പൊരുതുന്നു.

Pakistan-Bangladesh match in ICC Champions Trophy abandoned due to rain. Kerala to face Vidarbha in Ranji Trophy final.

&&&&&&&&&&&&&&&&&&

## PM-MAHAKUMBH

മഹാകുംഭമേള ഐക്യത്തിന്റെ മഹായജ്ഞമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യ, സ്വന്തം പൈതൃകത്തിൽ അഭിമാനിക്കുന്ന തായും, പുതിയ ഊർജത്തോടെ മുന്നേറുകയാണെ ന്നും അദ്ദേഹം ബ്ലോഗിൽ കുറിച്ചു. മഹാ കുംഭ മേളയ്ക്ക് ഇന്നലെയാണ് പ്രയാഗ്‌രാജിൽ സമാപനമായത്. 45 ദിവസത്തിനിടെ 66 കോടി 21 ലക്ഷത്തിലേറെ തീർത്ഥാടകർ ഇതിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## PRESIDENT-GUJARAT VISIT-INTRO

പാവപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ക്രിയാത്മക ചിന്തയുടെയും ഡിസൈൻ സങ്കേതങ്ങളുടെയും പ്രാധാന്യം അടിവരയിട്ട് രാഷ്ട്രപതി ദ്രൗപദി മുർമ്മു. അഹമ്മദാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിന്റെ 44 ആമത് ബിരുദദാനച്ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

(ഹോൾഡ് വോയിസ്)

നാല് ദിവസത്തെ ഗുജറാത്ത് സന്ദർശനത്തിന്റെ ഭാഗമായി ഏകതാ പ്രതിമ സന്ദർശിച്ച രാഷ്ട്രപതി, കെവദിയയിലെ നൈപുണ്യ വികസന കേന്ദ്രവും സന്ദർശിച്ചു. ഗാന്ധിനഗറിലെ നാഷണൽ ഫോറൻസിക് സയൻസ് യൂണിവേഴ്സിറ്റിയുടെ മൂന്നാമത് ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി നാളെ പങ്കെടുക്കും. തുടർന്ന് ഭുജിലെ സ്മൃതിവൻ ഭൂകമ്പ സ്മാരകവും ശ്രീമതി മുർമു സന്ദർശിക്കും.

&&&&&&&&&&&&&&&&&&&

## MAHA-PIYUSH ECONOMY

മേക് ഇൻ ഇന്ത്യ, ഡിജിറ്റൽ ഇന്ത്യ, സ്റ്റാർട്ടപ് ഇന്ത്യ, ആത്മനിർഭർ ഭാരത് തുടങ്ങിയ കേന്ദ്രസർക്കാർ സംരംഭങ്ങൾ സാമ്പത്തിക-അടിസ്ഥാന സൗകര്യവികസനത്തിലും നൂതന ആശയങ്ങളുടെ പ്രോത്സാഹനത്തിലും വലിയ പുരോഗതിക്ക് വഴിയൊരുക്കിയെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ. മുംബൈയിൽ 'ഭാരത് കോളിങ്' കോൺഫറൻസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നൈപുണ്യവികസനം സമ്പദ്‌വ്യവസ്ഥയെ ശക്തമാക്കുകയും, ഭാവിയിൽ കൂടുതൽ

തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്നും ശ്രീ. ഗോയൽ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

**RAJNATH HINDI**

ഇന്ത്യയുടെ സാമൂഹികവും, സാംസ്കാരികവുമായ കണ്ണികളെ കോർത്തിണക്കുന്നതാണ് ഹിന്ദി ഭാഷയെന്ന് രാജ്യ രക്ഷാ മന്ത്രി രാജ് നാഥ് സിങ്. പ്രതിരോധ മന്ത്രാലയം പ്രസിദ്ധീകരിക്കുന്ന ഹിന്ദി ആനുകാലികമായ 'സശക്ത് ഭാരത്' പുറത്തിറക്കി സംസാരിക്കുകയായിരുന്നു അദ്ദേഹം. സൈനികോദ്യോഗസ്ഥരുടെ ധീരത, ദേശസ്നേഹം, ത്യാഗം എന്നിവ അടയാളപ്പെടുത്തുന്ന രചനകൾ, മന്ത്രാലയത്തിന്റെ നയങ്ങൾ സംബന്ധിച്ച ലേഖനങ്ങൾ എന്നിവ സശക്ത് ഭാരതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**DELHI ASSEMBLY– CAG REPORT DISCUSSION**

മുൻ സർക്കാരിന്റെ മദ്യനയവുമായി ബന്ധപ്പെട്ട സി.എ.ജി റിപ്പോർട്ട് ഡൽഹി നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി പരിശോധിക്കും. റിപ്പോർട്ടിന്മേൽ ഡൽഹി നിയമസഭയിൽ ഇന്ന് ചർച്ച നടന്നിരുന്നു. നയം സർക്കാർ ഖജനാവിന് രണ്ടായിരം കോടി രൂപയിലധികം നഷ്ടം ഉണ്ടാക്കിയതായി ബി.ജെ.പി അംഗം സതീഷ് ഉപാധ്യായ പറഞ്ഞു.അതിനിടെ, സസ്പെൻഡ് ചെയ്തതിനെ തുടർന്ന് സഭാ പരിസരത്ത് പ്രവേശനം നിഷേധിക്കുന്നുവെന്ന് ആരോപിച്ച് ആം ആദ്മി പാർട്ടി എം.എൽ.എ. മാർ പ്രതിഷേധ പ്രകടനം നടത്തി. നടപടി ജനാധിപത്യവിരുദ്ധമാണെന്ന്

പ്രതിപക്ഷ നേതാവ് അതിഷി കുറ്റപ്പെടുത്തി. എന്നാൽ സഭയിലെ മോശം പെരുമാറ്റം കണക്കിലെടുത്താണ് സസ്പെൻഷനെന്ന് ബി ജെ പി നേതാവും ഡൽഹി മന്ത്രിയുമായ കപിൽ മിശ്ര പ്രതികരിച്ചു.

&&&&&&&&&&&&&&&&&&

**SHAH-MP -INTRO**

സാമൂഹിക പരിഷ്കർത്താവായ നാനാജി ദേശ്മുഖിന്റെ സംഭാവനകൾ അനുസ്മരിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ദേശ്മുഖിന്റെ പതിനഞ്ചാം ചരമവാർഷികത്തിൽ മധ്യപ്രദേശിലെ ചിത്രകൂടിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കല, രാഷ്ട്രീയം, വ്യവസായം, സേവന മേഖല എന്നീ രംഗങ്ങളിൽ അദ്ദേഹം മായാത്ത സ്വാധീനം ചെലുത്തിയെന്ന് ശ്രീ. ഷാ ചൂണ്ടിക്കാട്ടി. കഴിഞ്ഞ പത്ത് വർഷങ്ങൾക്കിടെ അറുപത് കോടിയിലധികം പാവപ്പെട്ടവർക്ക് വികസനത്തിന്റെ ഗുണഫലങ്ങൾ കേന്ദ്രസർക്കാർ ലഭ്യമാക്കിയെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

**PREZ EU - INDIA**

യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്ൻ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തി. ഡൽഹി വിമാനത്താവളത്തിലെത്തിയ അവരെ, കേന്ദ്രസഹമന്ത്രി അനുപ്രിയ പട്ടേൽ സ്വീകരിച്ചു. വിദേശകാര്യമന്ത്രി എസ്. ജയ് ശങ്കർ, ഉർസുല വോൺ ഡെർ ലെയ്നുമായി കൂടിക്കാഴ്ച നടത്തി. യൂറോപ്പുമായുള്ള

ഇന്ത്യയുടെ ബന്ധത്തെ ഉത്തേജിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള അവരുടെ ആശയങ്ങളെ സ്വാഗതം ചെയ്യുന്നതായി ശ്രീ. ജയ് ശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു. സന്ദർശന വേളയിലെ ഇന്ത്യൻ മന്ത്രിമാരുടെയും യൂറോപ്യൻ യൂണിയൻ കമ്മീഷണർമാരുടെയും വിപുലമായ പങ്കാളിത്തം, ഇന്ത്യ-EU ബന്ധത്തിന്റെ പ്രാധാന്യത്തിന് തെളിവാണ് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ഉർസുല വോൺ ഡെർ ലെയ്ൻ നാളെ പ്രതിനിധിതല ചർച്ച നടത്തും.

&&&&&&&&&&&&&&&&&&

**TRUMP-UKRAINE**

യുക്രെയ്നിലെ അപൂർവ ധാതുക്കളുടെ അവകാശങ്ങൾ അമേരിക്കയ്ക്ക് നൽകുന്ന സുപ്രധാന കരാറിൽ ഒപ്പുവെക്കാൻ യുക്രെയ്ൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി നാളെ വൈറ്റ് ഹൗസ് സന്ദർശിക്കുമെന്ന് യു.എസ്. പ്രസിഡന്റ് ഡോണൾഡ് ട്രംപ്. യുക്രെയ്നിൽ നടന്നുകൊണ്ടിരിക്കുന്ന യുദ്ധവുമായി ബന്ധപ്പെട്ട കരാറും ഈ സന്ദർശനത്തിൽ ഉൾപ്പെടും. യുക്രൈൻ പ്രസിഡൻറുമായും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായും താൻ സംസാരിച്ചിട്ടുണ്ടെന്നും ട്രംപ് വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**WAVES SUMMIT**

WAVES ഉച്ചകോടി മാധ്യമങ്ങളുടെയും വിനോദത്തിന്റെയും എല്ലാ തലങ്ങളും ഒത്തുചേരുന്നതായിരിക്കുമെന്ന് വാർത്താ

വിതരണ പ്രക്ഷേപണ മന്ത്രാലയ സെക്രട്ടറി സഞ്ജയ് ജാജു. മെയ് 1 മുതൽ 4 വരെ മുംബൈയിൽ നടക്കാനിരിക്കുന്ന ഉച്ചകോടി ഉള്ളടക്ക സ്രഷ്ടാക്കൾക്കും സാങ്കേതിക വിദഗ്ധർക്കും ഒത്തുചേരാനും, രാജ്യത്തെ AVGC മേഖലയുടെ വളർച്ചയ്ക്കായുള്ള അവസരങ്ങൾ സൃഷ്ടിക്കാനും സഹായകമാകുമെന്നും അദ്ദേഹം പറഞ്ഞു. ബെംഗളൂരുവിൽ GAFX പരിപാടിയുടെ ഉദ്ഘാടന വേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഏപ്രിൽ 1 മുതൽ താൽക്കാലിക ക്യാമ്പസ്സിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജി മുംബൈയിൽ പ്രവർത്തനം ആരംഭിക്കുമെന്ന് ശ്രീ ജാജു വ്യക്തമാക്കി. WAVES ഉച്ചകോടിയുടെ ഭാഗമായി ആരംഭിച്ച ഇന്ത്യ ചലഞ്ചിലേക്ക് 32 മേഖലകളിലായി ഒരു ലക്ഷത്തിലധികം ഉള്ളടക്കങ്ങൾ ഇതിനകം ലഭിച്ചതായി അറിയിച്ചു.

&&&&&&&&&&&&&&&&&&&

**CIVIL AVIATION MINISTER-INAUGURATION-INTRO**

കേന്ദ്ര വ്യോമയാന മന്ത്രി റാം മോഹൻ നായിഡു ചെന്നൈ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഇന്ന് ഉഡാൻ യാത്രി കഫേ ഉദ്ഘാടനം ചെയ്തു. രാജ്യത്തെ എല്ലാ വിമാനത്താവളങ്ങളിലേക്കും ഇത്തരം കഫേകൾ വ്യാപിപ്പിക്കുമെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. വെള്ളം, ചായ, കാപ്പി, ലഘുഭക്ഷണങ്ങൾ, നാടൻ മധുരപലഹാരങ്ങൾ മുതലായവ 10 രൂപയ്ക്കും 20 രൂപയ്ക്കും വിൽക്കുന്നതിനാൽ ഇത് എല്ലാ യാത്രക്കാർക്കും ഗുണം ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&&&

**HIGH LEVEL MEETING -FOREST**

വന്യജീവി ആക്രമണം തടയാൻ സംസ്ഥാന സർക്കാർ കർമ്മ പദ്ധതി രൂപീകരിക്കും. മനുഷ്യ - വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ഇന്ന് ചേർന്ന ഉന്നത തല യോഗത്തിലാണ് തീരുമാനം. മുൻഗണന നിശ്ചയിച്ച് നിർദേശങ്ങൾ സമർപ്പിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. അടിയന്തരമായി പരിഹരിക്കേണ്ടത് ആദ്യ ഘട്ടത്തിൽ നടപ്പാക്കാനും യോഗത്തിൽ തീരുമാനമായി. മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

**CRICKET-CHAMPIONS TROPHY**

ഐസിസി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ടൂർണമെൻറിൽ റാവൽപിണ്ടിയിൽ നടക്കേണ്ടിയിരുന്ന പാകിസ്ഥാൻ-ബംഗ്ലാദേശ് മത്സരം മഴ മൂലം ഉപേക്ഷിച്ചു. ഇരു ടീമുകളും ഓരോ പോയിന്റ് പങ്കിടും. നാളെ ലാഹോറിൽ നടക്കുന്ന മത്സരത്തിൽ അഫ്ഗാനിസ്ഥാൻ ഓസ്ട്രേലിയയെ നേരിടും.

&&&&&&&&&&&&&&&&&&

**RANJI TROPHY**

രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിൽ വിദർഭയ്ക്കെതിരെ കേരളം പൊരുതുന്നു. രണ്ടാം ദിവസം കളി നിർത്തുമ്പോൾ കേരളം ഒന്നാം ഇന്നിംഗ്സിൽ 3 വിക്കറ്റിന് 131 റൺസ് എന്ന

നിലയിലാണ്. 66 റൺസുമായി പുറത്താകാതെ നിൽക്കുന്ന ആദിത്യ സർവാതെയുടെ ബാറ്റിംഗാണ് കേരളത്തെ കര കയറ്റിയത്. വിദർഭയുടെ ആദ്യ ഇന്നിംഗ്സ് 379 റൺസിൽ അവസാനിച്ചിരുന്നു. ഡാനിഷ് മലേശ്വർ വിദർഭയ്ക്കായി സെഞ്ച്വറി നേടി.

&&&&&&&&&&&&&&&&&&

## WPL

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെതിരെ ടോസ് നേടിയ ഗുജറാത്ത് ജയന്റ്സ് ഫീൽഡിംഗ് തെരഞ്ഞെടുത്തു. ബെംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## ISL

ഐ എസ് എൽ ഫുട്ബോളിൽ പഞ്ചാബ് എഫ് സി -ഗോവ മത്സരം ആരംഭിച്ചു. ഡൽഹി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം

&&&&&&&&&&&&&&&&&&

## WAYANAD – CABINET

മേപ്പാടി ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിനായി ടൗൺഷിപ്പിൽ നിർമിക്കുന്ന വീടുകളുടെ സ്പോൺസർഷിപ്പ് തുക 20 ലക്ഷം രൂപയായി നിജപ്പെടുത്താൻ കേരള സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. പുനരധിവാസത്തിനായി ആദ്യഘട്ടത്തിൽ എൽസ്റ്റോൺ എസ്റ്റേറ്റ് മാത്രമായി ഏറ്റെടുക്കാനും, ഭൂമി 7 സെന്റ് വീതമുള്ള പ്ലോട്ടായി പുനഃക്രമീകരിക്കാനും തീരുമാനമായി. ദുരന്തബാധിതർക്ക്

നിലവിൽ അനുവദിച്ചിട്ടുള്ള 300 രൂപ ബത്ത തുടർന്നും അനുവദിക്കും. സപ്ലൈകോ വഴി മാസം 1000 രൂപയുടെ സാധനങ്ങൾ വാങ്ങാവുന്ന കൂപ്പൺ വാടകയ്ക്ക് താമസിക്കുന്ന ദുരന്തബാധിത കുടുംബങ്ങൾക്ക് നൽകാനും മന്ത്രിസഭായോഗം തീരുമാനിച്ചു.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&
&&&&&&&
&&&&&&
&&&&
&&&
&&
&